# പുതിയ അഞ്ച് ഇരുമ്പുരുക്കു ഫാക്ടറികൾ തുടങ്ങുവാനുള്ള ഉത്തരവ്

## ജനങ്ങളോടുള്ള വെല്ലുവിളി – ജനജാഗ്രത

ഡോ. പി. എസ്. പണിക്കർ

കഞ്ചിക്കോട്ട് വ്യവസായ മേഖലയിൽ ഒറ്റയടിക്ക് മുമ്പ് നൽകിയ ഉറപ്പുകൾ എല്ലാം ലംഘിച്ചുകൊണ്ട് അഞ്ച് കറണ്ടുതീനി ഫാക്ടറികൾ തുടങ്ങുവാനുള്ള നീക്കം ജനങ്ങളോടുള്ള വെല്ലുവിളിയും നിയമലംഘനവുമാണെന്ന് ജനജാഗ്രതയുടെ ഒരു പ്രസ്താവനയിൽ പറയുന്നു. 1. കൃഷ്ണാ റീറോളിംഗ് മിൽസ് (ശ്രീകൃഷ്ണ സ്മെൽട്ടേഴ്സ് ഇവരുടെ സ്ഥാപനമാണ്) 2. തായ് ഇസ്പാട്ട് (എല്ലാ നിയമങ്ങളും ലംഘിച്ചുകൊണ്ടാണ് ഈ കമ്പനി കണക്ഷൻ എടുത്തിട്ടുള്ളത്. 3. കുറ്റിപ്പാലം 4. പാരഗൺ സ്റ്റീൽസ് (ജില്ലയിലെ ഇവരുടെ 8–ാമത്തെ യൂണിറ്റാണ്) 5. ധൻസ്റ്റീൽസ് (ഗുജറാത്തികളാണ് ഇതിന്റെ ഉടമസ്ഥർ) എന്നീ അഞ്ച് പടുകൂറ്റൻ ഇരുമ്പുരുക്ക് ഫാക്ടറികൾ പ്രവർത്തിക്കുന്നതിനാവശ്യമായ വൈദ്യുതിബന്ധം സ്ഥാപിക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് കോഴിക്കോട് വൈദ്യുതവിതരണ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറാണ് നവംബർ 27 ന് (No.TSL/PG2006-2007No.293) പുറപ്പെടുവിച്ചിട്ടുള്ളത്. ഇവയെല്ലാം ഉടനെ പ്രവർത്തിക്കത്തക്കവണ്ണം ധൃതിപിടിച്ച് പണി നടന്നുവരുന്നു. പാലക്കാട് ജില്ലയിൽ ഇപ്പോൾ മൊത്തം 37 കറന്റുതീനി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ 31 എണ്ണം കഞ്ചിക്കോട്ടാണ്. ഇതിൽ 27 എണ്ണം ഭാരതപ്പുഴയുടെ കൈവഴിയായ കോരയാറിന്റെ തീരത്താണ്. മലിനീകരണം പരത്തുന്നതിനുപുറമേ പുഴയിൽ വ്യാപകമായി കയ്യേറ്റം നടത്തുകയും ഖരമാലിന്യങ്ങൾ പുഴയിൽ തള്ളുകയും ചെയ്യുന്നതായി പാലക്കാട് അഡീഷണൽ തഹസിൽദാർ കണ്ടെത്തി കയ്യേറ്റങ്ങളൊഴിപ്പിക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മുഖ്യമന്ത്രി വി.എസ്. അച്ചുതാനന്ദൻ പ്രതിപക്ഷ നേതാവായിരുന്നപ്പോൾ ഇരുമ്പുരുക്ക് ഫാക്ടറികൾക്കെതിരെ ശക്തമായ നിലപാട് എടുക്കുകയുണ്ടായി. വൈദ്യുതമന്ത്രി എ.കെ. ബാലൻ 2–11–06ന് പാലക്കാട് നടത്തിയ പത്രസമ്മേളനത്തിൽ ഇനി ഇരുമ്പുരുക്കു ഫാക്ടറികൾക്ക് വൈദ്യുതി അനുവദിക്കില്ലെന്നും നിലവിലുള്ള കമ്പനികളെക്കൊണ്ട് മലിനീകരണ നിയന്ത്രണ നിയമങ്ങൾ കർക്കശമായി അനുസരിപ്പിക്കുമെന്നും പ്രസ്താവിച്ചു. കൈരളി, പാരഗൺ കമ്പനികൾക്കെതിരെ ജനകീയ സമരങ്ങൾ നടന്നുവരുന്നു. പരിസ്ഥിതി പ്രവർത്തക മേധാപട്കർ ഈയിടെ അവിടം സന്ദർശിച്ച് ഐക്യദാർഢ്യം പ്രകടിപ്പിച്ചു.

ഉറപ്പുകളെല്ലാം കാറ്റിൽപറത്തികൊണ്ടാണ് അഞ്ച് ഇരുമ്പുരുക്കു ഫാക്ടറികൾ പ്രവർത്തിപ്പിക്കുവാൻ രഹസ്യതീരുമാനം. ഇത് ഇരട്ടത്താപ്പാണ്. മലമ്പുഴ പരിസ്ഥിതി സംരക്ഷണസമിതിയും ഇതിൽ പ്രതിഷേധിച്ചിട്ടുണ്ട്. ഇരുമ്പുരുക്കു ഫാക്ടറികളുടെ മലിനീകരണം 10 ച.കി.മീ ചുറ്റളവിലുണ്ടാകുമെന്ന് 1997–ൽ മലിനീകരണ നിയന്ത്രണബോർഡ് ഇറക്കിയിട്ടുള്ള സോണിംഗ് അറ്റ്ലസിൽ പറയുന്നു. വെള്ളം, വായു, മണ്ണ് എന്നിവയെ ഗുരുതരമായ രീതിയിൽ ഇവ മലിനീകരിക്കും. ക്യാൻസർ, സോറിയാസിസ്, ആസ്തമ, ടി.ബി., വൃക്കരോഗങ്ങൾ എന്നിവയ്ക്ക് ഇവയുടെ മലിനീകരണം കാരണമാകുമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. കൂടാതെ സസ്യജാലങ്ങളെയും ഇതരജീവികളെയും ബൃഹത്തായി ഇവയുടെ മലിനീകരണം ബാധിയ്ക്കും. പുതുശ്ശേരി കൂടാതെ തേങ്കുറുശ്ശി, കൊഴിഞ്ഞാമ്പാറ, നാട്ടുകൽ, പൂടൂർ, അകത്തേത്തറ, പട്ടാമ്പി-കൊപ്പം, പള്ളത്തേരി എന്നിവിടങ്ങളിലെ ഏക്കറുകണക്കിന് കൃഷിസ്ഥലങ്ങളാണ് ഇവയുടെ മലിനീകരണം മൂലം നശിച്ചുകൊണ്ടിരിക്കുന്നത്. ജനജാഗ്രത, കാലവിളംബമെന്യേ ഇവയ്ക്കെതിരെ കർഷകരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും കൺവെൻഷൻ വിളിച്ചുകൂട്ടുന്നുണ്ട്.

*'പൗർണ്ണമി', തൊറപ്പാളയം, പാലക്കാട്-1*

## മന്ദാകിനി മാ – പ്രചോദിപ്പിക്കുന്ന ഓർമ്മ

**മന്ദാകിനി നാരായണൻ : രാഷ്ട്രീയ പ്രവർത്തക, സാമൂഹ്യനീതിക്ക് പ്രചോദനം നല്കിയ ധീരവനിത, കുന്നിക്കൽ നാരായണന്റെ ഭാര്യ, കെ. അജിതയുടെ അമ്മ... ഇതെല്ലാം നമുക്കറിയാം. നിശ്ചയദാർഢ്യത്തിന്റെയും സ്നേഹവാത്സല്യത്തിന്റെയും നിലപാടുകളിൽ ഉറച്ചുനിന്ന് സാമൂഹ്യപ്രവർത്തനം തുടരാനുള്ള പ്രചോദനമായി അവരുടെ ഓർമ്മയും അസാധാരണമായ സ്നേഹവും മരിയ്ക്കാതിരിക്കട്ടെ.**